**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **05-12-2022 - ൽ മറുപടിയ്ക്ക്**

**എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങൾ സംബന്ധിച്ച പരാതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങളിൽ വ്യാപക ക്രമക്കേട് നടന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഇത് സംബന്ധിച്ച് പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല. |
| (സി) | മറ്റിടങ്ങളിൽ ജോലി ചെയ്യുന്നവരും എസ്.എ.ടി. ആശുപത്രിയിൽ നിയമനം നേടിയെന്നും രണ്ടിടത്ത് നിന്നും ശമ്പളം വാങ്ങുന്നവർ ഉണ്ടെന്നുമുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | എസ്.എ.ടി. ആശുപത്രിയിലെ നിയമനങ്ങൾക്കായി പട്ടിക ആവശ്യപ്പെട്ട് നഗരസഭയിലെ ഭരണകക്ഷിയുടെ പാർലമെന്ററി പാർട്ടി സെക്രട്ടറി ജില്ലാ സെക്രട്ടറിക്ക് കത്ത് എഴുതിയതായി പറയപ്പെടുന്ന സംഭവത്തിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഡി) | ചില മാദ്ധ്യമങ്ങളിൽ പ്രചരിപ്പിക്കപ്പെട്ട, കത്തെഴുതിയതായി പറയപ്പെടുന്ന സംഗതിയിൽ കേസുകളൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ